**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ശുഭയാത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും വിദേശത്തേക്ക് ജോലിക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട് . |
| (ബി) | ഇപ്രകാരം വിദേശത്തേക്ക് ജോലിക്കായി നിയമവിരുദ്ധമായി റിക്രൂട്ട്മെന്റുകൾ നടത്തുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | നിയമവിരുദ്ധ റിക്രൂട്ട്മെന്റ് നടത്തുന്ന വ്യക്തികൾക്കും, ഏജൻസികൾ ക്കുമെതിരെ 2020 മുതൽ 2022 ജൂൺ മാസം വരെ സംസ്ഥാനത്ത് 734 പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടികൾക്കായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) വകയിരുത്തുകയും കേന്ദ്രവിദേശകാര്യ വകുപ്പിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിപാടി കളുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ബോധവത്ക്കരണം നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തു കയും ചെയ്തിട്ടുണ്ട്.<br><br>ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ, സിനിമാ തീയറ്ററുകളിലെ ബോധവത്ക്കരണ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ എന്നിവ വഴിയും വിദേശത്തുള്ള പ്രവാസി മലയാളി സംഘടനകളുടെ സഹകരണത്തോടെയും വ്യാജ റിക്രൂട്ട്മെന്റിനെതിരെ ബോധവൽ ക്കരണം നടത്തുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. ക്രൈംബ്രാഞ്ച് ഐ.ജി.നോഡൽ ഓഫീസറായി സ്റ്റേറ്റ് സെല്ലും |

| | | | |
|---|---|---|---|
| | | | പ്രവർത്തിച്ചു വരുന്നുണ്ട്. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഇത്തരം റിക്രൂട്ട്മെന്റുകൾ നടത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എതിരെ പോലീസ് കൈക്കൊള്ളുന്ന നടപടികൾ പരസ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പോലീസ് വകുപ്പ് 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐ.ഡികളും (spnri.pol@kerala.gov.in, dyspnri.pol@kerala.gov.in) സജ്ജമാക്കുകയും, പരാതികളിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ മാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഓപ്പറേഷൻ ശുഭയാത്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ്, കേരളീയ പ്രവാസികാര്യ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ കർമ്മസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | വിദേശ ജോലിക്കായി നിയമവിരുദ്ധമായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്കെതിരെ പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ്, നോർക്ക റൂട്ട്സ് എന്നിവർ ഉൾപ്പെടുന്ന ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ശുഭയാത്ര പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് വകുപ്പ്, പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രന്റ്സ്, കേരളീയ പ്രവാസികാര്യ വകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിൽ കർമ്മസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ